**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 178 10.06.2013-ൽ മറുപടിയ്ക്ക്

## ബ്ലേഡ് മാഫിയക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ് സലീഖ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കൊള്ളപ്പലിശക്കാരെയും, ബ്ലേഡുമാഫിയക്കാരെയും കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ഏതെല്ലാം; | (എ) കൊള്ളപ്പലിശക്കാരെയും, ബ്ലേഡുമാഫിയക്കാരെയും കണ്ടെത്തുന്നതിനായി പ്രത്യേകം റെയിഡുകൾ നടത്തിയും കുറ്റക്കാർക്കെതിരെ മണി ലെന്റേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്തെ കൊള്ളപ്പലിശക്കാർ, ബ്ലേഡ് മാഫിയാക്കാർ എന്നിവരുടെ ലിസ്റ്റ് ആഭ്യന്തരവകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) തിരുവനന്തപുരം റൂറൽ ജില്ലയിൽ 30 പേരുടെയും കൊല്ലം സിറ്റി ജില്ലയിൽ 97 പേരുടെയും , കോട്ടയം ജില്ലയിൽ 52 പേരുടെയും, മലപ്പുറം ജില്ലയിൽ 36 പേരുടെയും ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റ് ജില്ലയിൽ ലിസ്റ്റ് തയ്യാറാക്കി വരുന്നു. |
| (സി) ആഭ്യന്തരവകുപ്പിന് കീഴിൽ ഇത്തരത്തിൽ കൊള്ളപ്പലിശ, ബ്ലേഡ് പിരിവ് എന്നിവ നടത്തുന്ന എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്; അവർ ആരെല്ലാം; അവർ വഹിക്കുന്ന പദവി എന്താണ്? | (സി) ആഭ്യന്തര വകുപ്പിന് കീഴിൽ ഇത്തരത്തിൽ കൊള്ളപ്പലിശ, ബ്ലേഡ് പിരിവ് എന്നിവ നടത്തുന്ന 9 ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഇത്തരത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഡി) ഇത്തരത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ പ്രാഥമിക അന്വേഷണം നടത്തി കുറ്റക്കാരെന്ന് വെളിവായിട്ടുള്ളവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർ പോലീസ് റെയിഡുവിവരം ചോർത്തി നൽകുന്നതുമൂലം റെയിഡുകൾ ഫലവത്താകാത്തതും, കുറ്റക്കാർ രക്ഷപ്പെടുന്നതും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ഇ) & (എഫ്) | പോലീസ് ഉദ്യോഗസ്ഥർ റെയ്ഡ് വിവരം ചോർത്തി നൽകുന്നതുമൂലം റെയിഡുകൾ ഫലവത്താകാത്തതും കുറ്റക്കാർ രക്ഷപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ഇത്തരത്തിൽ റെയിഡു വിവരം ചോർത്തിയ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചു; അവർ ആരൊക്കെയാണെന്നും, വഹിക്കുന്ന പദവി എന്തെന്നും എപ്രകാരമുള്ള നടപടിയാണ് ഇവർക്ക് എതിരെ സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ; | | |
| (ജി) | മറ്റ് വകുപ്പുകളിൽ ഇത്തരത്തിൽ കൊള്ളപ്പലിശ വാങ്ങുന്ന ഉദ്യോഗസ്ഥരെ കണ്ടെത്താൻ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; എത്ര പേരെ കണ്ടെത്തിയിട്ടുണ്ട്;അറസ്റ്റിലായവർ ആരൊക്കെയെന്നും അവർ ഏതൊക്കെ വകുപ്പിൽ ജോലിനോക്കുന്നവരാണെന്നും വ്യക്തമാക്കാമോ; | (ജി) | മറ്റ് വകുപ്പുകളിൽ കൊള്ളപ്പലിശ വാങ്ങുന്നവർക്കെതിരെയുള്ള കേസുകൾ റിപ്പോർട്ടു ചെയ്തിട്ടില്ല. |
| (എച്ച്) | ബ്ലേഡ് പലിശക്കാരുടെ ലിസ്റ്റ് ജില്ലാ ആസ്ഥാനങ്ങളിൽ പൊതു ജനങ്ങളുടെ അറിവിനായി പ്രസിദ്ധീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (എച്ച്) | പോലീസ് വകുപ്പ് തയ്യാറാക്കുന്ന ഇത്തരം പട്ടികകൾ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നേരിടുന്നതിനും കേസന്വേഷണത്തിനായും ആണ് തയ്യാറാക്കപ്പെടുന്നത്. ആയത് പ്രസിദ്ധീകരിക്കപ്പെടുന്നത് ഉചിതമല്ല. |

സെക്ഷൻ ഓഫീസർ

US 178 / 10/6

| District | Sl. No | Name | Rank | Action taken |
|---|---|---|---|---|
| TVM ( C ) | 1 | Suresh.T | Cpo T 4233 of PKDA PS | Cr.No. 443/13 Case is under investigation |
| | 2 | Preman | Addl SI Pettah | 1965/12 of Pettah PS The case is transferred to CBCID and all of them were suspended from service |
| | 3 | Mohanan | SI (G) Fort | |
| | 4 | Satheesh | SI(G) Sangumukhom | |
| | 5 | Vijayan | ASI, Traffic, AC Office | |
| | 6 | Suresh | ASI, Traffic PS | |
| TVM (R) | 7 | Vijayan Chettiyar | APSI, KAP 4 Bn. | Cr. No. 178/13, Nedumangadu PS |
| KLM ( C) | 8 | Kunjumon | GASI Q 4410 AR Camp | Under Suspension |
| EKM ( C) | 9 | Reghu | AR HC 6068 | Under Suspension |